LIBRARY ARCHIVES Kerala Legislative Assembly

വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക്

159 (T* 2439) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവൻ വണ്ടൂർ പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന 'വരട്ടാറിന്റെ' സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി സംയുക്ത യോഗം വിളിച്ചു ചേർക്കുന്നതിലുള്ള കാലവിളംബത്തിന് കാരണം വിശദമാക്കുമോ;

(ബി) ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ അടിയന്തര യോഗം ചേരുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) നാളിതുവരെ വരട്ടാറിന്റെ ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിന് വിശദമായ ഒരു പാരിസ്ഥിതിക പഠനം ആവശ്യമാണ്. ഈ പഠനത്തിനുശേഷം പൂർവ്വനദിയായ വരട്ടാറിന്റെ ഇപ്പോഴത്തെ ബെഡ് ലെവലിന് സമാനമായുള്ള മണലും മറ്റും മാലിന്യങ്ങളും ഡ്രഡ്ജ് ചെയ്യും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും മാത്രമേ വരട്ടാറിന്റെ പുനരുദ്ധാരണം സാദ്ധ്യമാവുകയുള്ളൂ. ഇതിനായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ ലഭിച്ചശേഷം സംയുക്ത യോഗം വിളിക്കാവുന്നതാണ്.

(സി) വരട്ടാറിന്റെ പുനരുദ്ധാരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കോഴിപ്രം, ഇരവിപേരൂർ, കുറ്റൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു കുളം

160 (2440) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ പുനർ നിർമാണത്തിനായി ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാം;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ബാക്കി പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ പുനർ നിർമ്മാണത്തിനായി താഴെപ്പറയുന്ന കുളങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. പൈങ്കിളിക്കുളം
2. കോന്നിക്കുളം
3. വെങ്കിടങ്ങ് - ശ്രീ ശങ്കരനാരായണ ക്ഷേത്രക്കുളം
4. രാമൻ കായൽ

(ബി) പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1	പൈങ്കിളിക്കുളം	-	പ്രവൃത്തി പുരോഗമിക്കുകയാണ്
2	കോന്നിക്കുളം		പ്രവൃത്തികൾ ടെണ്ടർ
3	വെങ്കിടങ്ങ്-ശ്രീ ശങ്കരനാരായണ ക്ഷേത്രക്കുളം		ചെയ്തെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമൊന്നും ഇല്ലാത്തതിനാൽ നിലവിലുള്ള നിരക്ക് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.
4	രാമൻ കായൽ		

ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പരിപാടി

161 (2441) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പരിപാടിക്ക് കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കി കാര്യക്ഷമമാക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) എന്നാൽ പ്രസ്തുതപദ്ധതി സർക്കാരിന്റെ അനാസ്ഥമൂലം വിജയകരമായില്ലെന്നത് പരിശോധിക്കുമോ;

(സി) പദ്ധതിക്കായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനും, പ്രവൃത്തി കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതിരുന്നതിനും കാരണം വ്യക്തമാക്കുമോ?